**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1401** **03-02-2026 - ൽ മറുപടിയ്ക്ക്**

**വിനോദ സഞ്ചാര മേഖലയിലെ സ്വകാര്യ നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിലേക്ക് സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിന് നൽകിയ പ്രോത്സാഹനങ്ങൾ എന്തൊക്കെയാണെന്നും അതിൻ പ്രകാരം വന്ന പ്രകടമായ മാറ്റങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ? | (എ) | കേരളത്തിലെ വിനോദസഞ്ചാര മേഖലയിൽ ലഭ്യമായ അവസരങ്ങൾ നിക്ഷേപകർക്ക് മുന്നിൽ അവതരിപ്പിക്കുവാനും നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുമായി 2023 നവംബറിൽ വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് 2023 (TIM 2023) സംഘടിപ്പിക്കുകയുണ്ടായി. നിക്ഷേപക സംഗമത്തിൽ വെച്ച് താമര ലിഷർ എക്സ്പീരിയൻസസ് പ്രൈവറ്റ് ലിമിറ്റഡ്-മായി ആലപ്പുഴയിലും കണ്ണൂരിലുമായി ഉള്ള രണ്ട് പദ്ധതികൾക്കു വേണ്ടി 250 കോടി രൂപയുടെ ധാരണാപത്രം ഒപ്പുവച്ചിരുന്നു. ഇതു കൂടാതെ ബേക്കൽ ടൂറിസം സെന്റർ പള്ളിക്കര, ഫൈവ് സ്റ്റാർ റിസോർട്ട് ചെമ്പരിക്ക എന്നീ പദ്ധതികൾക്കായി സ്വകാര്യ നിക്ഷേപകരെ കണ്ടെത്തി കരാറിൽ ഒപ്പിട്ടു. അതോടൊപ്പം വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സ്വകാര്യ നിക്ഷേപകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും വിവിധ നടപടികൾക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുവാനുമായി ടൂറിസം ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു) പ്രവർത്തിച്ചു വരികയാണ്. പി.എം.യു - ന്റെ മേൽനോട്ടത്തിൽ സർക്കാർ ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വിവിധ പദ്ധതികളിൽ സ്വകാര്യ നിക്ഷേപകരെ കണ്ടെത്തുന്നതിനുള്ള റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ, എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ